## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1113. 30.11.2018 ൽ മറുപടിയ്ക്ക്

## മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യത്തിനെതിരെയുള്ള പ്രചരണം ശക്തമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്.<br>ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് മിഷന്റെ പ്രധാന ദൗത്യം. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഡീ അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ലഹരിക്കടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുക എന്നതും വിമുക്തി മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ബിയർ ഉല്പാദിപ്പിക്കുന്നതിന് ഈ സർക്കാർ ഏതെങ്കിലും കമ്പനിക്ക് അനുമതി നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികൾക്കെന്ന് വെളിപ്പെടുത്തുമോ; | (ബി) | മൂന്ന് കമ്പനികൾക്ക് അനുമതി നല്കിയിരുന്നു.<br>1. അപ്പോളോ ഡിസ്റ്റിലറീസ് & ബ്രൂവറീസ് , എലപ്പുള്ളി , പാലക്കാട്<br>2. ശ്രീധരൻ ബ്രൂവറീസ് വാരം , കണ്ണൂർ.<br>3. പവർ ഇൻഫ്രാടെക് പ്രൈ.ലി. എറണാകുളം.<br>പ്രസ്തുത അനുമതികൾ 09.10.2018 തിയതിയിലെ സ.ഉ.(സാധ)നം.744/18/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | ബിയർ ഉല്പാദിപ്പിക്കുന്നതിന് പുതിയ കമ്പനികളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. |
| (ഡി) | സംസ്ഥാനത്തുതന്നെ ബിയർ ഉല്പാദന കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് എപ്രകാരം സഹായകമാകും എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന ബിയറിന്റെ 40 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. സംസ്ഥാനത്ത് ചെലവാകുന്ന നിരക്കിന് അനുസൃതമായി തദ്ദേശീയമായി ബിയർ ഉത്പാദിപ്പിക്കുന്നപക്ഷം സംസ്ഥാനത്ത് തൊഴിലസരം കൂടുതലായി സൃഷ്ടിക്കുവാനും ബിയർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിലൂടെയുള്ള നികുതി നഷ്ടം ഒഴിവാക്കുവാനും സാധിക്കുന്നതാണ്. മദ്യവർജ്ജന ത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത മദ്യനയം. |

സെക്ഷൻ ഓഫീസർ